പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 736 | 14-10-2026-ൽ മറുപടിയ്ക്ക്

<u>പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. എഫ്. രാജ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

<u>മറുപടി:</u> 1. വിദേശ തൊഴിൽ ധനസഹായം - പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

2. പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി -പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പത്തോ അതിൽ അധികമോ വ്യക്തികൾ അംഗങ്ങളായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്കും വനിതാ സ്വാശ്രയ സംഘങ്ങൾക്കും ആനുകൂല്യത്തിനർഹതയുണ്ടായിരിക്കും. പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രോജക്ടുകളായിരിക്കും പദ്ധതിക്കായി പരിഗണിക്കുന്നത്. പ്രോജക്ടുകളുടെ 75% തുക (പരമാവധി 10 ലക്ഷം രൂപ) 2 ഗഡുക്കളായി ബന്ധപ്പെട്ട സംഘങ്ങൾക്ക് അക്കൗണ്ടിലൂടെ അനുവദിച്ച് നൽകുന്നതാണ്.

3. സ്വയം തൊഴിൽ ധനസഹായം - സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാരായ വ്യക്തികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള വായ്പ തുകയുടെ 1/3 സബ്സിഡി അനുവദിക്കുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കുന്നു.

4. സ്വയംതൊഴിൽ ധനസഹായ പദ്ധതി ഗ്രൂപ്പുകൾക്ക് - പത്തോ അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് അപേക്ഷിക്കാം. 80 ശതമാനം അതിൽ കൂടുതലോ പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള വനിതാ സ്വാശ്രയ സംഘങ്ങൾക്കും അപേക്ഷിക്കാം. ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്വയം സംരംഭത്തെ സംബന്ധിച്ചുള്ള പ്രൊജക്ട് തയ്യാറാക്കണം. പരമാവധി 15 ലക്ഷം രൂപ വരെ മുതൽ മുടക്കുള്ള പ്രൊജക്ടുകൾ പരിഗണിക്കും. പ്രൊജക്ട് മുതൽമുടക്കിന്റെ 25 ശതമാനം അപേക്ഷിക്കുന്ന സംഘത്തിന്റെ ഉത്തരവാദിത്തത്തിൽ ബാങ്ക് ലോൺ ആയി സ്വരൂപിക്കേണ്ടതാണ്. പ്രൊജക്ട് മുതൽ മുടക്കിന്റെ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) അപേക്ഷിക്കുന്ന സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നു.

5. ആരോഗ്യ സുരക്ഷ പദ്ധതി- ചികിത്സാധനസഹായം - മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷികവരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യസുരക്ഷാപദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു.

6. ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് നൽകുന്ന ധനസഹായം - പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായമായി 2,00,000/- രൂപ നൽകുന്നു.

7. വിവാഹ ധനസഹായം - പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 1,25,000/- രൂപ വിവാഹ ധനസഹായമായി നൽകുന്നു.

8. മിശ്ര വിവാഹിതർക്ക് ധനസഹായം - മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയും പങ്കാളി ഇതര സമുദായത്തിൽപെട്ടതുമായിരിക്കണം) വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000/- രൂപ വരെ ധനസഹായമായി നൽകുന്നു.

9. 1989 ലെ അതിക്രമം തടയൽ നിയമം -പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളെ ശക്തമായി നേരിടുന്നതിന്റെ ഭാഗമായി പാർലമെന്റ് പാസാക്കിയ കേന്ദ്ര നിയമമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം. ടി നിയമത്തിന്റെ പ്രാധാനപ്പെട്ട സവിശേഷത അതിക്രമത്തിനിരയാകുന്നവർക്ക് സൗജന്യ നിയമസേവനം ലഭിക്കുന്നതിനു പുറമെ സാമ്പത്തികമായി നഷ്ടപരിഹാരം അനുവദിക്കുന്നു.

10. വക്കീലൻമാർക്ക് ധനസഹായം - നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് വക്കീലായി പരിശീലനം ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം നൽകുന്നു.

11. സേഫ് പദ്ധതി-സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ ഭവന പുനരുദ്ധാരണവും ഭവന പൂർത്തീകരണവും ലക്ഷ്യമാക്കി പട്ടികജാതി വികസന വകുപ്പ് സേഫ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. രണ്ട് ലക്ഷം രൂപയാണ് ടി പദ്ധതിയ്ക്കായി ഗുണഭോക്താവിന് അനുവദിക്കുന്നത്.

12. പഠനമുറി പദ്ധതി - സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ /ടെക്നിക്കൽ/ കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന 5 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ പഠനമുറി നിർമ്മാണത്തിന് അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു.

13. വകുപ്പിന്റെ തനതു ഭവന പദ്ധതി - പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി സുരക്ഷിത ഭവനം ഉറപ്പാക്കുന്ന ലക്ഷ്യത്തോടെ വകപ്പ് പുതിയ ഭവന പദ്ധതി നടപ്പിലാക്കാൻ 07.10.2026 തീയതിയിലെ സ.ഉ.(കൈ) നം. 36/2026/SCSTD പ്രകാരം ഉത്തരവായിട്ടുണ്ട്. സ്വന്തമായി ഭൂമിയുള്ള ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്കും ഭവനം അനുവദിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

14. ദാക്ഷായണി -പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന അഞ്ചോ അതിൽ അധികമോ വനിതകൾ സ്വയംഭരണ അംഗങ്ങളായിട്ടുള്ളതും ജില്ലാ രജിസ്ട്രാർ ഓഫീസിൽ /കുടുംബശ്രീയിൽ /തദ്ദേശ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്വയം സഹായസംഘങ്ങൾക്കും, സംരംഭം ആരംഭിക്കുന്നതിന് ആഗ്രഹിക്കുന്ന വനിതകൾക്കും (വ്യക്തിഗതം) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം പദ്ധതി ലഭ്യമാകുന്നതാണ്. സംസ്ഥാനത്ത് സ്ത്രീസംരംഭകരുടെ

എണ്ണം വർദ്ധിപ്പിക്കുന്നതിനും, തൊഴിൽ സൃഷ്ടിക്കുന്നതിനും, നവീന സാങ്കേതികവിദ്യയും പ്രാദേശിക വിഭവങ്ങളും പ്രയോജനപ്പെടുത്തി മത്സരക്ഷമമായ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

15. സമൃദ്ധി കേരളം - പട്ടികജാതി സമുദായങ്ങളിൽ നിന്നുള്ള സംരംഭകർക്ക് ബിസിനസ്സ് വിപുലീകരിക്കുന്നതിന് സമൃദ്ധി കേരളം സംരംഭകത്വ വികസനത്തിനായ് 2025-26വാർഷിക ബജറ്റിൽ സർക്കാർ പ്രഖ്യാപനം നടത്തിയിരുന്നു. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കപ്പെടുന്ന സമൃദ്ധി കേരളം പദ്ധതി നിലവിൽ സംരംഭകരായിട്ടുള്ള പട്ടികജാതി സമുദായങ്ങളിൽ നിന്നുള്ള സംരംഭകരുടെ വികസനവും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യം വെച്ചാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ പട്ടികജാതിയിൽപ്പെട്ട സംരംഭകർക്ക് 5 ലക്ഷം രൂപ (ആവശ്യാനുസരണം 10 ലക്ഷം രൂപ വരെ) Term loan/working capital loan ആയി 3% വാർഷിക പലിശ നിരക്കിലോ അല്ലെങ്കിൽ 20% വരെ front ended subsidy രൂപത്തിൽ നൽകുന്നു.

**(ബി)** പട്ടികജാതി വിഭാഗത്തിനായി അനുവദിച്ച പദ്ധതിത്തുക പൂർണമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വികസന പദ്ധതികളുടെ നിർവഹണം പൂർത്തിയാക്കുന്നതിനു വിവിധ തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു.

സർക്കാർ, ജില്ലാതല അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ടി യോഗങ്ങളിൽ MLA മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുകയും പദ്ധതികളുടെ നിർവഹണം ത്വരിതപ്പെടുത്തുന്നതിനും നിർവഹണത്തിലെ തടസങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

എസ്.സി.എസ്.പി പദ്ധതികളുടെ നിർവഹണ പുരോഗതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി വകപ്പുതല സെക്രട്ടറിയുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്.

കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ വകുപ്പ് ഡയറക്ടർ ജില്ലാതല ഉദ്യോഗസ്ഥരുടെയും ജില്ലാ ഓഫീസർമാർ ബ്ലോക്ക് തല നിർവഹണ ഉദ്യോഗസ്ഥരുടെയും പ്രതിമാസ അവലോകന യോഗങ്ങൾ നടത്തുന്നു.

28/09/2021 ലെ ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ സ.ഉ (എം.എസ്) 11/2021പ്ലാനിംഗ് ഉത്തരവ് പ്രകാരം എസ്.സി/എസ്.ടി ഫണ്ടുകളുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാ പഞ്ചായത്ത് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായുള്ള ജില്ലാതല കമ്മിറ്റി പുനസംഘടിപ്പിച്ച് ഉത്തരവാകുകയും ടി കമ്മിറ്റി മുഖേന പട്ടികജാതി വികസന പദ്ധതികൾ പ്രത്യേകം അവലോകനം ചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

നിയോജക മണ്ഡല അടിസ്ഥാനത്തിൽ MLA മാരുടെ അധ്യക്ഷതയിൽ അവലോകന യോഗം നടത്തി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

**(സി)** പട്ടികജാതി ക്ഷേമപദ്ധതികളിലെ ആനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും സമയബന്ധിതമായി ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കിവരുന്നത്. വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയുംചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം, വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണ നടപടികൾ നിർദ്ദേശിക്കുകയും ആഡിറ്റ് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ യഥാവിധി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**